# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2868 18.08.2017 ൽ മറുപടിക്ക്

## സസ്പെൻഷന് ശേഷം സർവ്വീസിൽ തിരികെ പ്രവേശിച്ചവരുടെ ശമ്പളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ സസ്പെൻഷൻ നടപടിയ്ക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സസ്പെൻഷൻ നടപടിയ്ക്കുശേഷം 18.04.2017 ലെ G.O.(RT) No.1801/2017/RD ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിച്ച മാവേലിക്കര താലൂക്ക് ഓഫീസ് പരിധിയിലുള്ള പെരിങ്ങാല വില്ലേജ് ആഫീസർ ശ്രീമതി. സിന്ധുകുമാരിക്ക് നാളിതുവരെയായി ശമ്പളം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (ബി) | ശ്രീമതി. സിന്ധുകുമാരി, മാവേലിക്കര താലൂക്കിലെ പെരിങ്ങാല വില്ലേജ് ഓഫീസറായി സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചതിനെ തുടർന്ന് 23.05.17 പൂർവ്വാഹ്നമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ടിയാൾ ചെങ്ങന്നൂർ താലൂക്കിൽ വില്ലേജ് ഓഫീസറായി ജോലി ചെയ്യവെയാണ് സസ്പെൻഷനിൽ ആയിട്ടുള്ളത്. ടി ഓഫീസിൽ ടിയാൾക്ക് 17.05.17 വരെ മാത്രം ഉപജീവന ബത്ത മാറി നൽകിയിരുന്നതും തുടർന്ന് മാവേലിക്കര താലൂക്ക് ഓഫീസിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതുമാണ്. മാവേലിക്കര താലൂക്കിൽ നിന്നും ടിയാൾക്ക് 23.05.17 മുതൽ മാത്രം ശമ്പളം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 18.05.17 മുതൽ 22.05.17 വരെയുള്ള ഉപജീവന ബത്ത കൂടി മാറി നൽകുന്നതിനായി ടിയാളുടെ സർവ്വീസ് ബുക്ക്, എൽ.പി.സി എന്നിവ തിരികെ ചെങ്ങന്നൂർ തഹസിൽദാർക്ക് മാവേലിക്കര തഹസിൽദാർ തിരിച്ചയച്ചിരുന്നു. എന്നാൽ ആയതു മാറ്റുന്നതിന് നിലവിൽ സ്പാർക്കിൽ ഓപ്ഷൻ ഇല്ലാത്തതിനാൽ ഉപജീവനബത്ത മാറി നൽകിയിട്ടില്ലാത്തതാണ്. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>തുടർന്ന് മാവേലിക്കര താലൂക്കാഫീസിൽ നിന്നും ചെങ്ങന്നൂർ ജില്ലാ ട്രഷറിയുമായി ബന്ധപ്പെട്ടിട്ടും സ്പാർക്കിലെ അനിശ്ചിതത്വം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ 23.05.17 മുതൽ 31.05.17 വരെയുള്ള ശമ്പളം മാറി നൽകിയിട്ടില്ലാത്തതും എന്നാൽ ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം മാറി നൽകുന്നതിന് തടസ്സമില്ലാത്തതിനാൽ ഈ രണ്ടു മാസങ്ങളിലെ ശമ്പളം 08.08.17 ൽ ടിയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. |

| | |
|---|---|
| (സി) പ്രസ്തുത ജീവനക്കാരിക്ക് എന്ന് ശമ്പളം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) 23.05.17 മുതൽ 31.05.17 വരെയുള്ള ശമ്പളം സ്പാർക്കിലെ സാങ്കേതിക പ്രശ്നം പരിഹരിച്ചതിനു ശേഷമെ നൽകുവാൻ സാധിക്കുകയുള്ളൂ. ആയത് പരിഹരിച്ച് ശ്രീമതി. സിന്ധുകുമാരിയ്ക്ക് ടി കാലയളവിലെ ശമ്പളം മാറി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടിയാളുടെ ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം 08.08.17 -ൽ മാറി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ